## Part – C

# Social Science (Malayalam Medium)

## Question Numbers 36 to 55

36. രാഷ്ട്രം ഒരു മതത്തോടും വിവേചനം കാണിക്കില്ല എന്നും, രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല എന്നും, ഏതൊരു പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിന് അവകാശം നൽകുന്നതുമായ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പരാമർശിക്കുന്ന വാക്ക് ഏതാണ് ?

(A) പരമാധികാരം

(B) സ്ഥിതിസമത്വം

(C) റിപ്പബ്ലിക്

(D) മതേതരത്വം ✓

37. ലോക മാതൃഭാഷാ ദിനാചരണത്തിലേക്ക് നയിച്ച സംഭവം നടന്ന രാജ്യമേത് ?

(A) മ്യാൻമാർ

(B) ചൈന

(C) ബംഗ്ലാദേശ്

(D) പാകിസ്ഥാൻ

38. ചുവടെ നൽകിയവയിൽ നിന്ന് ഇന്ത്യ ഏതെല്ലാം അക്ഷാംശ രേഖകൾക്കിടയിൽ സ്ഥിതി ചെയ്യുന്നുവെന്ന് കണ്ടെത്തി എഴുതുക.

✓(A) അക്ഷാംശം 8°4' വടക്ക് മുതൽ 37°6' വടക്ക് വരെ

(B) അക്ഷാംശം 10°4' വടക്ക് മുതൽ 39°6' വടക്ക് വരെ

(C) അക്ഷാംശം 6°4' വടക്ക് മുതൽ 35°6' വടക്ക് വരെ

(D) അക്ഷാംശം 12°4' വടക്ക് മുതൽ 37°6' വടക്ക് വരെ

39. ഇന്ത്യൻ ആദിവാസി ഗോത്ര ജനതയുടെ ആവാസ മേഖലയിലെ സമൃദ്ധമായ ധാതുനിക്ഷേപങ്ങൾ ചൂഷണം ചെയ്യാൻ ബ്രിട്ടീഷുകാർ കൈക്കൊണ്ട നടപടികൾ ചുവടെ നൽകിയവയിൽ ഏതാണ് ?

✓ (A) വന നിയമങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

(B) ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കി.

(C) സൈനിക സഹായ വ്യവസ്ഥ നടപ്പിലാക്കി.

(D) റോഡ്, റെയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചില്ല.

40. സമുദ്ര നിരപ്പിൽ നിന്നും 900 മീറ്ററിലധികം ഉയരമുള്ള ചെങ്കുത്തായ വശങ്ങളോട് കൂടിയതുമായ ഭൂരൂപങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു ?

(A) പീഠഭൂമികൾ

(B) കുന്നുകൾ

(C) പർവ്വതങ്ങൾ ✓

(D) സമതലങ്ങൾ

41. സ്വന്തമായി വരുമാനമില്ലാത്ത 65 വയസ്സിന് മേൽ പ്രായമുള്ളവർക്ക് റേഷൻ കട വഴി പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകി വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പേരെന്താണ് ?

(A) അന്ത്യോദയ അന്നയോജന

(B) ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം

(C) സ്വർണ ജയന്തി റോസ്ഗാർ യോജന

(D) അന്നപൂർണ്ണ ✓

42. നവോത്ഥാന കാലത്ത് വരയ്ക്കപ്പെട്ട മോണാലിസ ലോകം അറിയപ്പെടുന്ന ഉത്തമ കലാസൃഷ്ടിയാണ്. ചുവടെ നൽകിയവയിൽ ഏത് ആശയമാണ് പ്രസ്തുത രചനയ്ക്ക് പ്രേരകമായത് ?

(A) യുക്തിചിന്ത

(B) അന്വേഷണ ത്വര

(C) മാനവികത ✓

(D) മതചിന്ത

43. കച്ചവട താത്പര്യങ്ങൾക്കും രാഷ്ട്രീയ ആധിപത്യത്തിനുമായി ഇന്ത്യയിലെത്തിയ യൂറോപ്യൻ രാജ്യങ്ങളിൽ ഒരു രാജ്യത്തെ, നിശ്ശേഷമായി ഇന്ത്യയിലെ ഒരു നാട്ടുരാജ്യം പരാജയപ്പെടുത്തിയ യുദ്ധം ഏതായിരുന്നു.

(A) ബക്സർ യുദ്ധം

(B) കുളച്ചൽ യുദ്ധം ✓

(C) നാലാം മൈസൂർ യുദ്ധം

(D) പാനിപ്പത്ത് യുദ്ധം

44. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന വാണിജ്യ കേന്ദ്രങ്ങളിൽ ഡച്ചു വാണിജ്യ കേന്ദ്രങ്ങൾ ഏതെല്ലാമായിരുന്നു.

(A) കൊച്ചി, കൊല്ലം ✓

(B) ഗോവ, ദാമൻ

(C) പോണ്ടിച്ചേരി, കാരയ്ക്കൽ

(D) ബോംബെ, സൂറത്ത്

45. ലോകത്തിലെ ആദ്യത്തെ അണ്ടർ 19 വനിത ടി- 20 ചാമ്പ്യൻഷിപ്പ് നേടിയ രാജ്യം ഏതാണ് ?

(A) ആസ്ട്രേലിയ

(B) ഇംഗ്ലണ്ട്

(C) ദക്ഷിണാഫ്രിക്ക

(D) ഇന്ത്യ

46. മേഘങ്ങളിലെ ജലകണികകളുടെ വലുപ്പം കൂടുമ്പോൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനാകാതെ ഭൂമിയിലേക്ക് പതിക്കുന്ന പ്രക്രിയയുടെ പേര് എന്താണ് ?

(A) വർഷണം ✓

(B) മഴ

(C) മഞ്ഞ് വീഴ്ച

(D) ആലിപ്പഴം

47. ചുവടെ നൽകിയ പ്രസ്താവനകൾ വായിച്ച് അനുയോജ്യമായത് കണ്ടെത്തുക.

(1) പശ്ചിമ ഘട്ടത്തിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും നിത്യഹരിത വനങ്ങൾ കാണപ്പെടുന്നു.

(2) തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് പശ്ചിമ ഘട്ടത്തിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അതിശക്തമായ മഴ ലഭിക്കുന്നു.

(A) പ്രസ്താവന (1) മാത്രം ശരിയാണ്

(B) പ്രസ്താവന (2) മാത്രം ശരിയാണ്

(C) പ്രസ്താവന (1) ഉം (2) ഉം ശരിയാണ്

(D) പ്രസ്താവന (1) തെറ്റും (2) ശരിയുമാണ്

48. താഴെ കൊടുത്ത ചരിത്ര സംഭവങ്ങൾ കാലഗണന ക്രമത്തിലാക്കുക.

(1) ഉപ്പ് സത്യാഗ്രഹം 1930

(2) ക്വിറ്റ് ഇന്ത്യാ സമരം 1942

(3) വൈക്കം സത്യാഗ്രഹം 1924

(4) മലബാർ കലാപം 1'

(A) (1), (2), (3), (4)

✓(B) (4), (3), (1), (2)

(C) (2), (1), (4), (3)

(D) (3), (4), (1), (2)

49. ഏത് സൈനിക ഉടമ്പടിയിൽ ചേരുന്നതിനെതിരെയാണ് റഷ്യ യുക്രെനിനെതിരെ യുദ്ധം പ്രഖ്യാപിച്ചത് ?

(A) നേറ്റോ

(B) വാഴ്സാ ഉടമ്പടി

(C) സെൻറ്റോ

(D) ഇവയൊന്നുമല്ല

50. ചുവടെ നൽകിയവയിൽ സാമൂഹികരണ പ്രക്രിയയെ സഹായിക്കാത്ത പ്രസ്താവന കണ്ടെത്തി എഴുതുക.

(A) വ്യത്യസ്ത ചുറ്റുപാടിൽ നിന്നും വരുന്ന കുട്ടികളുമായി ഇടപഴകുന്നു.

(B) പത്രപാരായണം നടത്തുന്നു.

(C) വീട്ടുജോലികളിൽ അമ്മയെ സഹായിക്കുന്നു.

✓(D) ദൃശ്യമാധ്യമങ്ങളുടെ ആശാസ്യമല്ലാത്ത ഉപയോഗം

51. 2022-ൽ ഖത്തറിൽ നടന്ന ഫിഫ ലോകകപ്പ് മത്സരങ്ങളിൽ ആദ്യമായി ഒരു ആഫ്രിക്കൻ രാജ്യം നാലാം സ്ഥാനത്തേക്ക് എത്തപ്പെട്ടു. പ്രസ്തുത ആഫ്രിക്കൻ രാജ്യത്തിന്റെ പേര് എന്താണ് ?

(A) സെനഗൽ

(B) ഘാന

(C) നൈജീരിയ

(D) മൊറോക്കോ✓

52. കേരളത്തിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് ഊർജ്ജോൽപ്പാദനം നടത്തുന്ന സ്ഥലങ്ങൾ ചുവടെ നൽകിയവയിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക.

(A) കഞ്ചിക്കോട്, ആലുവ

(B) രാമക്കൽമേട്, വിഴിഞ്ഞം

(C) കൽപ്പറ്റ, വിഴിഞ്ഞം

(D) രാമക്കൽമേട്, കഞ്ചിക്കോട്

53. നമ്മുടെ ഗവൺമെന്റിന്റെ അടിസ്ഥാന ഘടകങ്ങളായ നിയമനിർമ്മാണം, കാര്യ നിർവഹണം, നീതിന്യായം എന്നിവയുടെ രൂപീകരണത്തിൽ സ്വാധീനിക്കപ്പെട്ടത് ഏത് രാജ്യമാണ് ?

(A) അമേരിക്ക

(B) ഇംഗ്ലണ്ട് ✓

(C) ഫ്രാൻസ്

(D) കാനഡ

54. പ്രകൃതിയിൽ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ ഭൂപ്രകൃതിക്ക് കോട്ടം തട്ടുന്നതിന്റെ ഉദാഹരണമാണ് ജോഷിമഠ് എന്ന പ്രദേശം. ഇന്ത്യയിലെ ഏത് സംസ്ഥാനത്താണ് ജോഷിമഠ് എന്ന പ്രദേശം സ്ഥിതി ചെയ്യുന്നത് ?

(A) ഉത്തരാഖണ്ഡ്

(B) ഹിമാചൽ പ്രദേശ്

(C) അരുണാചൽ പ്രദേശ്

(D) ജമ്മു കാശ്മീർ

55. "മത വിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നേടിയെങ്കിലെ മനുഷ്യ പുരോഗതി സാധ്യമാകൂ."

"സാമൂഹികമായ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം വിദ്യാഭ്യാസമാണ് " ആരുടെ വാക്കുകളാണിവ ?

(A) ശ്രീനാരായണ ഗുരു

(B) ചട്ടമ്പി സ്വാമികൾ

(C) വാഗ്ഭടനന്ദൻ

(D) വക്കം അബ്ദുൾഖാദർ മൗലവി

-oOo-